മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji).*— ഈ ബില്ലിനെ സംബന്ധിച്ച് എന്റെ അനുഭവത്തിൽനിന്ന് ഒന്നു രണ്ടു സംഗതികൾ പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഏതെങ്കിലും ഒരു സംഗതി ആലോചനക്കെടുക്കുന്നതായാൽ അതിൽ നിഷ്പക്ഷനില കൈക്കൊള്ളണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. ഈ ബില്ലിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ജന്മിമാരുടേയും കുടിയാന്മാരുടേയും അവകാശങ്ങളെ ഒരുപോലെ ആലോചിച്ച് വേണ്ടതു പ്രവൃത്തിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ജന്മിമാർക്ക് ധാരാളം തരിശുഭൂമികൾ ഉണ്ട്. എന്നാൽ അതു വല്ല കുടിയാനും വെറുമ്പാട്ടത്തിനു കൊടുക്കുവാൻ അവർ മടിക്കുന്നതിന്റെ പ്രത്യേകകാരണം അതു തിരിച്ചുകിട്ടുവാനുള്ള പ്രയാസംകൊണ്ടാണ്. പാട്ടച്ചീട്ടിൽ എന്തു വ്യവസ്ഥയുണ്ടായിരുന്നാലും കാലാവധിക്ക് അതു മടക്കിക്കിട്ടുവാൻവേണ്ടി വ്യവഹാരപ്പെടേണ്ടതായിട്ടാണു വരുന്നതു്. കഴിക്രൂ,വെട്ടുകാണം മുതലായ കാരണങ്ങൾ പറഞ്ഞു വളരെ അധികം സംഖ്യ ജന്മിമാർ കൊടുക്കേണ്ടിവരുന്നു. ഈ പ്രയാസം ഓർത്തു് ജന്മിമാർ വസ്തുക്കൾ പാട്ടത്തിനു കൊടുക്കുന്നില്ല. ആയിരം ഉറുപ്പികയുടെ ഒരു തരിശുഭൂമി ഒരുറുപ്പികക്കു പാട്ടത്തിനു തരാമോ എന്നു് ഒരു കുടിയാൻ ചോദിച്ചാൽ വെറുതെ ഒരുറുപ്പികയെങ്കിലും കിട്ടുമെല്ലോ എന്നു വിചാരിച്ച് കൊടുക്കും. അങ്ങിനെ ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞു് അതു

LIBRARY ARCHIVES Kerala Legislative Assembly

ഒഴിപ്പിക്കേണ്ടിവരുമ്പോൾ കഴിക്കുറു മുതലായവക്കുള്ള സംഖ്യ കൂടിയാൻ ആവശ്യപ്പെട്ടം. ഈ വിഷമം ഇല്ലാതാക്കിത്തീർക്കുവാൻവേണ്ടി പാട്ടച്ചീട്ടിലെ വ്യവസ്ഥപ്രകാരം വിധി കിട്ടുവാൻ ഒരു വകുപ്പുകൂടി ഉണ്ടായിരുന്നാൽ തരക്കേടില്ല. ജന്മിയും കുടിയാനുംകൂടി ഒരുമിച്ചു സമ്മതിച്ചു് വ്യവസ്ഥപ്രകാരം കാര്യം നടത്തുന്നതു് ഇരുകൂട്ടർക്കും നല്ലതാണു്. അതുകൊണ്ടു് ഏതു തരത്തിലായാലും രണ്ടുകൂട്ടർക്കും ഗുണം വരത്തക്കവിധത്തിൽ ഒരു ബിൽ പാസാക്കുന്നതിനു വിരോധമില്ല. സിലക്ട് കമ്മിറ്റിക്കു് ഈ ബിൽ അയക്കുന്ന അവസരത്തിൽ ഈ സംഗതികൂടി അതിലെ മെമ്പർമാർ ആലോചിക്കേണ്ടതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—ബിൽ സിലക്ട് കമ്മിറ്റിക്കു് അയച്ചുകഴിഞ്ഞിട്ടില്ല, അയക്കാൻ പോകുന്നതേയുള്ളൂ.

മിസ്റ്റർ ഏ. നാരായണമേനോൻ (*Vyttila*).— ഈ ബിൽ ഇതിനുമുമ്പു് ഇവിടെ ആലോചനക്കു വന്ന അവസരത്തിൽ ഞാൻ ഇതു് സിലക്ട് കമ്മിറ്റിക്കയച്ചാൽ കൊള്ളാമെന്നുള്ള അഭിപ്രായക്കാരനായിരുന്നു. ആ അഭിപ്രായം പിന്നീടുണ്ടായിട്ടുള്ള അനുഭവങ്ങൾകൊണ്ടും, അനേപേക്ഷണങ്ങൾകൊണ്ടും മാറേറണ്ടതായിട്ടാണു വന്നിട്ടുള്ളതു്. ബ്രിട്ടീഷ് മലബാറിൽ നടപ്പിലുള്ള നിയമത്തെ ആസ്പദമാക്കിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ അവിടെ ബില്ലു് നിയമമായതിനുശേഷം അവിടത്തുകാക്കുള്ള അനുഭവമെന്താണെന്നു് എന്റെ സ്നേഹിതന്മാരായ ചില വക്കീലന്മാരോടും ചില കക്ഷികളോടും ചോദിച്ചതിൽ അതിന്റെ ഫലം വളരെ പരിതാപകരമായിട്ടുണ്ടെന്നാണു് എനിക്കു മനസ്സിലായതു്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*)— അതു വളരെ നന്നായിട്ടുണ്ടു്!

മിസ്റ്റർ ഏ. നാരായണമേനോൻ (*Vyttila*).—എന്റെ അഭിപ്രായവും അറിവും അതാണു്.

ഈ ബിൽ കഴിഞ്ഞതവണ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ ഗവൺമെൻറിനു് ഇതിന്റെ ഫലത്തിൽ സംശയമുണ്ടായിട്ടു് ഇതിനെ സംബന്ധിച്ചു് അഭിപ്രായം പറയുവാൻ പ്രാപ്തിയുള്ളവർക്കു് ബിൽ അയച്ചുകൊടുക്കുകയും, അവരുടെ അഭിപ്രായങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ടു്. ആ അഭിപ്രായങ്ങൾ അയച്ചിട്ടുള്ളവരിൽ ഒരാളെ സംബന്ധിച്ചിടത്തോളം എനിക്കു നല്ലപോലെ അറിയാം. മിസ്റ്റർ എം. കുഞ്ഞൻമേനോന്റെ കുടുംബംതന്നെ സ്ഥിതിചെയ്യുന്നതു് വലിയതമ്പുരാൻ തിരുമനസ്സിലെ വക വെറുംപാട്ടം വസ്തുവിലാണു്.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Does that estate evict tenants? It does not.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Narayana Menon *(Vyttila)*.—You listen and then reserve your comments to your reply.

"I am myself a tenant as well as a landlord and I do not suffer any hardship at the hands of my land-lords by way of rack-renting or attempts at compulsory eviction and to the best of my knowledge my tenants entertain the same feelings towards me. They have no uncertainty about their Kudiyiruppus or holding unless they evade payment of their allotted rents." എന്നാണ് അദ്ദേഹം പറയുന്നത്.

Mr. P. Govinda Menon *(Adur)*.—What is his position in life?

മിസ്റ്റർ എ. നാരായണമേനോൻ *(Vyttila)*.— അദ്ദേഹം ഒരു പെൻഷനർ തഹശീൽദാരാണ്. പൊതുജീവിതത്തിൽ എറണാകുളത്തു് ഒരു പ്രധാന സ്ഥാനം ഉള്ള ആളാണ് അദ്ദേഹം.

പിന്നെ വളരെകാലമായിട്ട് നമ്മുടെ കോടതികളിൽ പ്രാക്റ്റീസ് ചെയ്തിട്ടുള്ള ഒരാളും ഈ സംസ്ഥാനത്തു് പ്രധാനപ്പെട്ട പല ഉദ്യോഗങ്ങളും വഹിച്ചിട്ടുള്ള ഒരാളുമാണ് മിസ്റ്റർ കണ്ടർമേനോൻ. അദ്ദേഹം പറയുന്നത് ഇങ്ങിനെയാണ്. "Rack-renting, arbitrary eviction and social tyrrany are of very rare occurrence in our State."

എന്റെ അനുഭവം പറയുകയാണെങ്കിൽ കൊച്ചി കണയന്നൂർ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈ വക യാതൊന്നുമില്ല. എന്റെ സ്വന്തം നിലയിൽ പറയുകയാണെങ്കിൽ ഞാൻ ഒരു ജന്മിയാണെന്ന് ആരും പറയുകയില്ല. എന്റെ കുടുംബത്തിനും എനിക്കും വെറുമ്പാട്ട വസ്തുക്കൾ ധാരാളമുണ്ട്. ന്യായമായുള്ള പാട്ടം തീർച്ചയാക്കി കൊടുത്തിട്ടുള്ള വസ്തുക്കൾ ഇതേവരെ ഒഴിപ്പിക്കേണ്ടിവന്നിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.—സബ് ടെനൻറ്സ് ഉണ്ടോ?

മിസ്റ്റർ എ. നാരായണമേനോൻ *(Vyttila)*.— കാണവസ്തുക്കൾക്കും പണ്ടാരവക വസ്തുക്കൾക്കും ഉണ്ട്. അവരേയും ഒഴിപ്പിക്കാറില്ല.

ഈ ബില്ലിന്റെ മൌലികതത്വം വെറുമ്പാട്ട കുടിയാന്മാരെ ഒഴിപ്പിക്കാൻ പാടില്ല എന്നാണ്. അതു് ബില്ലിലെ ക്ലൗസ്-൩ വകുപ്പുകൊണ്ടാണ് വിശദമാകുന്നത്.

"No suit for eviction of a cultivating verumpattomdar from his holding shall be at the instance of his landlord except on the following grounds:

(1) That the tenant has wilfully denied the title of the landlord before such suit.

Explanation:—A denial of a landlord's title under a *bona fide* mistake of fact is not wilful within the meaning of this clause.

LIBRARY ARCHIVES Kerala Legislative Assembly

(2) That the tenant has intentionally and wilfully committed such acts of waste as are calculated to impair materially and permanently the value of utility of the holding for agricultural purposes.

(3) That the tenant has not paid within 3 months of the due date, the whole or any portion of the rent due in respect of the holding.

(4) That the tenant has collectively allowed a stranger to encroach on the holding or part thereof adversely to the interest of the landlord.

(5) That the tenant has not complied with the order of the court under sub-section 3 of section 13: Provided that in cases falling under clause IV where only a part of the holding has been encroached upon, the eviction shall be from such part of the holding only."

ഈ ൫ സംഗതികൾ ഒഴിച്ചു് ബാക്കി യാതൊരു സംഗതികളിലും യാതൊരു വെറുമ്പാട്ടക്കുടിയാനേയും ഒഴിപ്പിക്കുവാൻ പാടില്ല എന്നുള്ളതാണു് ഈ ബില്ലിന്റെ മൌലികതത്വം. ഏതുതരം വെറുമ്പാട്ടക്കുടിയാന്മാരേയാണു് ഒഴിപ്പിക്കാൻ പാടില്ലാത്തതെന്നുള്ളതു് ആദ്യമായി ആലോചിക്കേണ്ടതാണു്. അതു് ഇതിൽ പറഞ്ഞിട്ടില്ല. ഇന്നു് ഒരു വസ്തു ഒരാൾക്കു പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ നാളെ അതു ശാശ്വതമായ നിലയിൽ കോടതി മുഖാന്തിരം ഒഴിപ്പിക്കാൻ പാടില്ലെന്നാണു് ഈ ബില്ലുകൊണ്ടു വരുന്നു അനുഭവം. നമ്മുടെ നാട്ടിൽ ഇപ്പോൾ ശാശ്വതാവകാശമുള്ളതു് പ്രധാനമായി കാണക്കുടിയാന്മാക്കാണു്. ൻ൦-ലെ രണ്ടാം റഗുലേഷൻ പാസായതിനുശേഷം അതിന്റെ തിയ്യതി വരെ മുപ്പതോ അതിലധികമോ കൊല്ലക്കാലം തുടച്ചയായി വസ്തു കൈവശം വച്ചിട്ടുള്ള കാണക്കുടിയാന്മാക്കു മാത്രമേ ആ അവകാശമുള്ളൂ. ഇരുപത്തൊൻപതു കൊല്ലം പതിനൊന്നു മാസം മാത്രമേ കയ്യശം ഉള്ളൂവെങ്കിൽ കേസുകൊടുത്താൽ കോടതിയിൽനിന്നും ഒഴിപ്പിക്കാൻ വിധിക്കും. ഇതുപോലെ ഈ അടുത്തകാലത്തുതന്നെ ഒരു വിധിയുണ്ടായിട്ടുണ്ടു്. കാണക്കുടിയാന്മാക്കു പൊളിച്ചെഴുത്തവകാശം കൊടുക്കുന്നതുകൊണ്ടാണു് ശാശ്വതാവകാശം കിട്ടുന്നതു്. ഈ ബില്ലിൽ അതിനുള്ള യാതൊരു വകുപ്പും കാണുന്നില്ല. ൻ൦-ലെ രണ്ടാം റഗുലേഷൻ പ്രകാരം ഒരു കാണക്കുടിയാൻ ദീർഘകാലം കൈവശക്കാരനാണെന്നുണ്ടെങ്കിൽ ഒഴിപ്പിച്ചുകൂടാ എന്നാണു പറയുന്നതു്. എന്നാൽ ഈ ബില്ലുകൊണ്ടു് ഒരു ദിവസം കയ്യശമുണ്ടായാലും ഒഴിപ്പിക്കാൻ പാടില്ലെന്നു വരുന്നു. അങ്ങിനെ വരുമ്പോൾ ഇന്നു നിലവിലുള്ള പാട്ടക്കാക്കു മുഴുവൻ രക്ഷകിട്ടുമായിരിക്കാം, പക്ഷെ നാളെ ഒരാളും ഒരു വസ്തുവും പാട്ടത്തിനു കൊടുക്കുകയില്ല എന്നുവരും.

Mr. P. Govinda Menon (*Adur*).—What will you do with the land?

Mr. K. M. Kunhi Moideen (*Kattur*).—The Hon'ble Member has exceeded his time.

Deputy President.—I will give him one minute more.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. നാരായണമേനോൻ *(Vyttila)*.— വസ്തുക്കൾ മിക്കതും ജന്മമായിട്ട പതിച്ചുകിട്ടീട്ടുള്ള ജന്മികളല്ല ഇന്നുള്ളവരിൽ അധികഭാഗം വസ്തു ഉടമസ്ഥന്മാരും. പണയമായോ തീറായോ വസ്തുക്കൾ വാങ്ങി ഉടമസ്ഥാവകാശം സിദ്ധിച്ചിട്ടുള്ള ആളുകളാണ് ഇന്നത്തെ ജന്മിമാരിൽ അധികവും. വലിയ വലിയ സംഖ്യകൾ വസ്തുക്കളിൽ മുടക്കീട്ടുള്ളവരാണ് ഇന്നത്തെ വസ്തു ഉടമസ്ഥന്മാർ. വസ്തുക്കളുടെ സ്ഥിരമായ അവകാശം ഒരു വെറുമ്പാട്ട കുടിയാനെ കൊടുക്കുകയാണെങ്കിൽ പണയമായിട്ടോ തീറായിട്ടോ ആ വസ്തുക്കൾ വാങ്ങീട്ടുള്ള ഉടമസ്ഥന്മാക്ക് വലിയ നഷ്ടത്തിനു കാരണമാക്കുമെന്നു മാത്രമല്ല, അതു് അവക്ക് ക്രയവിക്രയം ചെയ്യുവാൻക്രടി വലിയ തടസ്ഥമായിരിക്കുകയും ചെയ്യും. അങ്ങിനെ ക്രയവിക്രയം ചെയ്യേണ്ടിവരുമ്പോൾ ഉടമസ്ഥൻ കൊടുത്തിട്ടുള്ള സംഖ്യയിലും വളരെ കുറവായ സംഖ്യ കൊടുക്കുവാനേ ആളുണ്ടാകയുള്ളൂ. ഇതേവരെ ജന്മി കുടിയാന്മാരെ ദ്രോഹിക്കുന്നുവെന്നാണു പറഞ്ഞുവന്നിരുന്നതു്. ഇനി കുടിയാനെക്കൊണ്ടു് നിവൃത്തിയില്ലേ എന്നു് തലയിൽ കൈവച്ചു് ജന്മികൾ നിലവിളിക്കുവാനാണ് ഇടവരുന്നതു്. ഈ ബില്ലിൽ ഫെയർറെൻട് കണക്കാക്കുന്നതിനുള്ള വഴികൾ എങ്ങിനെയാണെന്നുള്ളതു മനസ്സിലാക്കാൻ വിഷമമാണ്. മൂന്നുകൊല്ലത്തെ ആദായമോ അതിന്റെ കലമേനി (ആവറേജ്) യോ ഫെയർറെൻറിനാസ്പദമെന്നറിവാൻ പാടില്ല. ആദ്യത്തേതായാലും അതു് ഇന്നത്തെ പാട്ടത്തിന്റെ നിരക്കിൽ കുറവാണ്. ഇതിനു് ഉദാഹരണമായി തെങ്ങിൻതോട്ടങ്ങളുടെ കാര്യം എടുക്കാം. തെങ്ങിൻതോട്ടങ്ങളിലെ ആറാഴ്ച വില കൊടുത്തിട്ടുണ്ടെങ്കിൽതന്നെയും ഫെയർറെൻറ് ആണ്ടിനാലുള്ള ആദായത്തിൽ പകുതിയോ ആറിലൊന്നോ ആണ്. ആറാഴ്ചവില കൊടുക്കാത്ത തെങ്ങുകളുടെ ഫെയർറെൻറ് ആദായത്തിന്റെ നാലിലൊന്നോ പന്ത്രണ്ടിലൊന്നോ ആണ്. വാദത്തിനാറാഴ്ചവില കൊടുത്തവക്ക് ആദായത്തിൽ പകുതി എന്നും മറുള്ളവക്ക് നാലിലൊന്നും എന്നതന്നെ എടുക്കുക. ഇന്നു് പാട്ടം ആദായത്തിന്റെ മുക്കാലോ മൂന്നിൽ രണ്ടു ഭാഗമോ ഉള്ള തോതിലാണെ നിശ്ചയിച്ചു കാണുന്നതു്. ഇതു് ഒരു പ്രധാധ സംഗതിയാണ്. ഇന്നു ഭൂമി ഉടമസ്ഥന്മാരായി തീറായോ പണയമായോ ഇടപാടുകൾ ചെയ്യുന്നതു വഴികളിൽനിന്നു കിട്ടുന്ന ആദായത്തെ ആസ്പദമാക്കിയാണ്. ആദായം കുറയുമ്പോൾ തീരുകൊടുക്കുവാനോ പണയം കൊടുക്കുവാനോ ആവശ്യം വരുമ്പോൾ അവവഴി കിട്ടുന്ന പ്രതിഫലം ഇന്നത്തേതിന്റെ ശരാശരി ഇരുപത്തഞ്ചോ മുപ്പതോ ശതമാനം കുറഞ്ഞുവരുന്നതാണ്. നിയമം ഭൂമിവില കുറക്കുന്നതായിട്ടാണെ വരുന്നതു്!

ഇനി ഒരു സംഗതി ആലോചിക്കുവാനുള്ളതു് ഇങ്ങിനെയുള്ള ഒരു ബില്ലിന്റെ ആവശ്യമുണ്ടോ എന്നുള്ളതാണെ. സ്റ്റേറ്റ്-ലെ രണ്ടാം റഫ്ലേഷൻ പാസാക്കിയ ആ പൊന്നു തിരുമേനി വെറുമ്പാട്ട കുടിയാന്മാരുടെ രക്ഷക്കു വേണ്ടതു നല്ലവണ്ണം ചെയ്തുകൊടുത്തിട്ടുണ്ടു് എന്നുള്ള അഭിപ്രാ

LIBRARY ARCHIVES Kerala Legislative Assembly

യക്കാരനാണു ഞാൻ. മലബാറിലെ ടെനൻസി ആക്റ്റു് അനു് നിലവിലുണ്ടായിട്ടു്. ആറാഴ്ചവില നിണ്ണയിക്കുവാൻ അതിൽ നിണ്ണയിച്ചിട്ടുള്ള ചില വഴികളെ തട്ടിനീക്കി ആകെ കാണുന്ന വിലയുടെ മുക്കാൽഭാഗം കൂടിയാണു ആറാഴ്ച വിലയായി കൊടുക്കണമെന്നു് അഭിപ്രായം തീച്ചു് യാക്കീട്ടുണ്ടു്. അതു വലിയ ഒരു സഹായമായിട്ടുണ്ടു്. മലബാറിലെ ആക്റ്റുപ്രകാരം കണക്കാക്കുകയാണെങ്കിൽ ൻ൦-ലെ രണ്ടാം റഗുലേഷനനുസരിച്ചുള്ള ആറാഴ്ച വിലയിലും വളരെ കുറഞ്ഞ ഒരു തുകയേ കൂടിയാണു കിട്ടുകയുള്ളൂ. അവിടെ പ്രൈസന്റു് വാത്തു നോക്കുമ്പോൾ ഇവിടെ ഒഴിപ്പിക്കുമ്പോഴുള്ള ശരാശരി ആദായം നോക്കേണ്ടതാണു്. അതിന്റെ പതിനഞ്ചിരട്ടി കൂടിയാണു കിട്ടുന്നു. ഇതിലധികം ഒരു കൂടിയാന് ചെയ്തുകൊടുക്കേണ്ട ആവശ്യമില്ല. വെറുമ്പാട്ട കൂടിയാണു തക്കതായ വില കിട്ടുകയാണെങ്കിൽ വസ്തു ഒഴിയാൻ യാതൊരു വിധത്തിലും തടസ്സം ആവശ്യമില്ലാത്തതാണു്. കയ്യശം കിട്ടീട്ടില്ലാത്ത ഭൂമി പണയത്തിനോ തീറിനോ ആളുണ്ടാവില്ല. അതുകൊണ്ടു പിടിപ്പതു വില കൊടുത്തു ജന്മി കുഴങ്ങും. കൂടിയാനെക്കൊണ്ടു നിർബന്ധമായി തീറുവാങ്ങിക്കുവാനുള്ള വഴി ഇതിൽ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇതിനെ ഇത്ര ശക്തിയായി എതിർക്കുകയില്ലായിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— അതു വേണമെന്നുണ്ടെങ്കിൽ ചേർക്കരുതോ?

മിസ്റ്റർ ഏ. നാരായണമേനോൻ (*Vytila*).— ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന്റെ മൌലികതത്വംതന്നെ കൂടിയാനെ ഒഴിപ്പിക്കുവാൻ പാടില്ലെന്നാണു്. തീറെടുക്കാൻ സാധിക്കാത്ത കൂടിയാനെ ഒഴിപ്പിക്കാമെന്നു വന്നാൽ ബില്ലിന്റെ വേരറുപോകും. കൂടിയിരിപ്പു് മാത്രം തിരുവാങ്ങാൻ കൂടിയാനെ നിർബന്ധിക്കാം. എന്നാൽ അതിനും കൂടിയാൻ വഴിപ്പെടേണ്ട ആവശ്യമില്ല. ഫെയർ റെൻറു് കൊടുക്കാൻ അയാൾ തയ്യാറുണ്ടെങ്കിൽ എന്തിനു തീറെടുക്കണം? കൂടിയാൻ എന്നു പദത്തിന്റെ വ്യാപ്തി എന്താണു്? കുടികിടപ്പുകാരനും കൂടിയാനാണോ? എന്നാൽ വളരെ കേമമായി! ഈ ബില്ലിന്റെ മൌലികതത്വം തെറ്റാണെന്നു മാത്രമല്ല ഈ ബിൽ ഭരിപ്പുനായ കൂടിയാനു വലിയ ദ്രോഹമായിട്ടു തീരുന്നതാണു്. കഴിവുള്ള കൂടിയാന്മാക്കു വസ്തു ഉടമസ്ഥന്മാരെ ദ്രോഹിക്കാൻമാത്രം ഇതിൽ വകയുണ്ടു്. ഈ ബിൽ ഇവിടെ എന്റെ സ്നേഹിതൻ ഹാജരാക്കിയ തിയ്യതി മുതൽക്കു് വസ്തുക്കൾ പാട്ടത്തിനു കൊടുക്കുകയില്ലെന്നുള്ള വ്രതം പലരും സ്വീകരിച്ചു കാണുന്നുണ്ടു്. ഇതു് രാജ്യത്തിന്റെ ഭാവിജീവിതത്തിനു തന്നെയും വളരെ ദോഷമാണു്. കൊടുക്കൽ വാങ്ങലിനും ബുദ്ധിമുട്ടുണ്ടാകും.

വസ്തു ഉടമസ്ഥനു് ഏതെങ്കിലും പ്രകാരത്തിൽ നേരിട്ടു പ്രതിക്കണമെന്നുണ്ടെങ്കിൽ അതിനും ഇതിൽ ഒഴിപ്പിക്കാൻ വഴിവച്ചിട്ടില്ല. ജന്മിക്കു് ഒരു വീടു വെക്കണമെങ്കിലും വസ്തു ഒഴിപ്പിച്ചുകൂടാ. ഈ മാതിരി നിരവ

LIBRARY ARCHIVES Kerala Legislative Assembly

ധി ന്യൂനതകളും ഈ ബില്ലിലുണ്ട്. പുതിയ കുടിയാന്റെ കാര്യം പറയുകയാണെങ്കിൽ ഇനി ഒരിക്കലും വസ്തു പാട്ടത്തിനു കിട്ടുകയുമില്ല. മറെറാരുവിധത്തിലാണെങ്കിൽ, പഴയ കുടിയാന്മാർക്കു സങ്കടത്തിനു വഴിയില്ല. ശരിക്കു പാട്ടം കൊടുക്കുന്നവരെ അത്യാവശ്യമില്ലെങ്കിൽ ഒഴിപ്പിക്കയില്ല. ഈ ബിൽ ഇവിടെ സ്വീകരിക്കയാണെങ്കിൽ രഞ്ജിപ്പിൽ കഴിയുന്നിടത്തു ക്ഷിത്രത്തിന്റെ വിത്തു വിതക്കുന്ന ഏർപ്പാടായിത്തീരും. അതുകൊണ്ട് ഇതു സിലക്ററു കമ്മിററിക്കയച്ചു വെറുതെ പണവും സമയവും കളവാക്കീട്ടു കാര്യമില്ല. ഇപ്പോൾതന്നെ തള്ളിക്കളയണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഏതെല്ലാംതരം വ്യവഹാരങ്ങൾക്കാണ് ഇതിൽ വഴിയുള്ളതെന്നു പരിശോധിച്ചാൽ മനസ്സിലാകും. ഞാൻ ഇതിനെ എതിർക്കുന്നു.

* മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഈ ബിൽ സിലക്ററു കമ്മിററിക്കു അയക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചു് ഈ നിയമസഭയിലും പുറത്തും ഉണ്ടായിട്ടുള്ള വാഗ്പ്രതിവാദങ്ങൾ എനിക്കു കേൾക്കുവാൻ സാധിച്ചിട്ടുണ്ടു്. ഈ വിഷയത്തിൽ അദ്ധ്യാത്മ രാമായണത്തിലെ ഒരു പദ്യമാണു് എനിക്കു് ഓർമ്മവരുന്നതു്. അതു ഞാൻ ചൊല്ലാം. 'ചക്ഷുശ്രവണ ഗളസ്ഥമാം ഗർദ്ദഭം ഭക്ഷണത്തിനുപേക്ഷിക്കുന്നതുപോലെ, കാലാഹിനാ പരിഗ്രസ്തമാം ലോകവും ആലോലചേതസാ ഭോഗങ്ങൾ തേടുന്നു.' അതായതു് ജനിയാകുന്ന സർപ്പത്തിന്റെ വായിൽ ഇരിക്കുന്ന കുടിയാനാകുന്ന തവള തന്റെ വായിൽ വന്നിരിക്കുന്ന കുടിയാനായ ഈച്ചയെ പിടിക്കുവാൻ വാ പൊളിക്കുന്നതുപോലെയാണു ചില മെംബറന്മാർ ഈ ബില്ലിനെ എതിർക്കുന്നതു്.

ഡാക്ടർ എ. ആർ. മേനോൻ (*Pallippuram*).—അദ്ധ്യാത്മ രാമായണത്തിൽ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം ഇതാണോ?

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ശരിക്കു വ്യാഖ്യാനിച്ചാൽ ഈ അർത്ഥം വരും. ദിവാൻ പ്രസിഡണ്ടവർകൾ പറയുകയുണ്ടായി, ചിലർ താല്ക്കാലിക സ്ഥിതികൾ ഒന്നും നോക്കാതെ വെറും പരിഷ്ക്കാരത്തിനുവേണ്ടി മാത്രം പരിഷ്ക്കാരം വരുത്തുവാൻ വാദിക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ളവർക്ക് ഇതിനു വിരോധമില്ല എന്ന്. ഈ വകസംഗതികളിൽ ഞങ്ങൾ മുഴുവൻ സോഷ്യലിസം വച്ചുകൊണ്ടു പ്രസംഗിക്കുന്നുവെന്നുള്ള തെററിദ്ധാരണകൊണ്ടായിരിക്കാം അദ്ദേഹം പറയുന്നതു്. ശരിയായ സൊഷ്യലിസം പറയുന്നവരാണെങ്കിൽ അവർ വാസ്തവത്തിൽ ഈ ബില്ലിനു എതിരായിരിക്കുകയേ ഉള്ളൂ. അതുകൊണ്ട് ഈ കാലസ്ഥിതിക്കും ദേശസ്ഥിതിക്കും അനുകൂലമായ ഒരു പരിഷ്ക്കാരമായിട്ടുമാത്രമേ ഇതിനെ എടുക്കേണ്ടതുള്ളൂ. ഈ ബിൽ ആവശ്യമില്ലെന്നു

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാഭിപ്രായം ഉള്ളതായി ഗവമ്മെൻറു മനസ്സിലാക്കീട്ടുള്ളതിനെക്കുറിച്ചാണ് എനിക്കു പറയുവാനുള്ളതു്. ബില്ലു് ഗൗരവത്തിൽ പരിശോധിച്ചുകയുണ്ടായെങ്കിലും അതു കണ്ടുപിടിച്ചു് അഭിപ്രായം പറയുവാൻപോലും സാദ്ധ്യമില്ലാത്ത ഒരു സ്ഥിതിയിലാണ് സാധുക്കളായ കുടിയാന്മാർ കിടക്കുന്നതു്. അതുകൊണ്ടു് ഇത്ര വിലയേറിയ ഒരു സംഗതിയിൽ ഗവമ്മെൻറു് ഇങ്ങിനെയുള്ള ഒരു നയം സ്വീകരിക്കുന്നതു ഏറ്റവും അപകടമായിട്ടുള്ളതാണു്. തീച്ചയായിട്ടും ഈ ബിൽ ഒരു സിലക്ടു കമ്മിറ്റിക്കയച്ചു പൊതുവായ അഭിപ്രായം എന്താണെന്നറിയുവാൻ സാധിക്കുമോ എന്നു ഗവമ്മെൻറു നോക്കേണ്ടതാണു്. ഇപ്പോഴം നടത്തീട്ടുള്ള സർക്കുലേഷൻ കൊണ്ടുണ്ടായിട്ടുള്ള അഭിപ്രായമെന്താണെന്നുമാത്രം നോക്കിയാൽ പോര.

ദിവാൻ പ്രസിദ്ധപ്പെടുത്തിയപ്പോൾ പറഞ്ഞതു് ഇതിൻെറ ആവശ്യകതയുണ്ടോ, ഇപ്പോഴം നിലവിലിരിക്കുന്ന സമ്പ്രദായങ്ങൾകൊണ്ടുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണു് എന്നുള്ളതു തെളിയിക്കണമെന്നാണു്. ജന്മികുടിയാൻ റഗുലേഷൻ പാസായ കാലത്തും ജന്മികൾ വാദിച്ചതു് ഈ വാദംതന്നെയായിരുന്നു. ഇതിൽ എനിക്കു പറയുവാനുള്ളതു ദൃഷ്ടാന്തങ്ങൾക്കൊന്നിനും പോകേണ്ട ആവശ്യമില്ല. ഈ ബില്ലിൻെറ തത്വം എടുത്തു നോക്കിയാൽ ഗുണമോ ദോഷമോ ഏതാണു ഇതുകൊണ്ടുണ്ടാകുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമില്ലാത്തതാണു്. ജന്മിമാരെപ്പറ്റി യാതൊരാക്ഷേപങ്ങളും പറയുവാൻ നിവൃത്തിയില്ല. പക്ഷെ ഏതു നല്ല ജന്മിക്കും കുടിയാനോടു നീതിയായി പെരുമാറുവാൻ സാധിക്കുന്നില്ല. കാരണം, കുടിയാൻെറ താല്പര്യവും ജന്മിയുടെ താല്പര്യവും പരസ്പരവിരുദ്ധങ്ങളായതുകൊണ്ടാണു്.

മിസ്റ്റർ ഏ. നാരായണമേനോൻ *(Vyttila)*.— കപസ്റ്റ്യൻ.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— ചില നല്ല ജന്മിമാർ കുടിയാന്മാരെ ഒരുവിധം രമ്യപ്പെടുത്തിക്കൊണ്ടുപോകുന്നുണ്ടെങ്കിലും മിക്കവാറും നീർക്കോലിയുടേയും തവളയുടേയും കഥപോലെയല്ലാതെ സ്നേഹമായി പെരുമാറുവാൻ സാധിക്കുകയില്ല.

വയറിലെ മെംബർ ഇവിടെ പറഞ്ഞതു കേട്ടപ്പോൾ പണ്ടു് ആരോ വേദം ഉച്ചരിച്ചതുപോലെയുള്ള ഒരു സംഗതിയാണു് എനിക്കു ഓർമ്മവരുന്നതു്. ഇവിടെ ടെനൻസി റഗുലേഷൻ വന്ന കാലത്തു് അന്നു് ഈ നിയമം ഏർപ്പെടുത്തിയവർ കുടിയാന്മാർക്കു സ്ഥിരാവകാശം കൊടുത്തിട്ടില്ല എന്നു് അദ്ദേഹം പറയുകയുണ്ടായി.

മിസ്റ്റർ ഏ. നാരായണമേനോൻ *(Vyttila)* അതല്ല ഞാൻ പറഞ്ഞതു്, അവർക്കു വേണ്ട രക്ഷചെയ്യുവെന്നാണു്.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— മനുഷ്യരുടെ സ്വാഭാവികമായ ഒരു നിലയാണു ഞാൻ പറയുന്നതു്. ജന്മിമാർ കുടിയാന്മാ

LIBRARY ARCHIVES Kerala Legislative Assembly

രോട്ട് എത്ര അനുകൂലമായി പെരുമാറിയാലും കൂടിയാന്മാക്ക് യാതൊരു ഗുണവുമില്ല. കാരോരുത്തനും അവനവൻ താമസിക്കുന്ന സ്ഥലം സ്വൽപമായാലും സ്വന്തമായി ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുന്നവെങ്കിൽ മനുഷ്യസാധാരണമായ ആ ആഗ്രഹം കഴിയുന്നതും നിറവേറ്റിക്കൊടുക്കുവാൻ ശ്രമിക്കേണ്ടതു് ബുദ്ധിയുള്ള ഏവരുടേയും കടമയാണു്. അതാണു് ബുദ്ധിയുള്ള ഒരു ജന്മിയുടെ കടമ, ബുദ്ധിയുള്ള ഒരു ഗവമ്മെൻറിന്റെ കടമ. ഇതു് ഭൂലോകത്തിലെങ്ങും നടപ്പായിട്ടില്ലാത്ത ഒരു നിയമമല്ല. ഇതിന്റെ കുറവുകളെപ്പറ്റിയൊന്നും പറയേണ്ട ആവശ്യമില്ല. തത്വം ശരിയാണോ എന്നുള്ളതു നോക്കണം തത്വം ശരിയാണെന്നുണ്ടെങ്കിൽ ഒരു സെലക്ട് കമ്മിറ്റിക്കു് അയച്ചുകൊടുക്കണം. ഗവർമെൻറു് ഇതിനെ എതിർക്കുവാൻ തീച്ചയാക്കിക്കാണുന്ന ആ നിലയിൽനിന്നും ഒന്നു മാറിയാൽ കൊള്ളാം. ഈ ബില്ലിനെ സംബന്ധിച്ചു് ഒരു പരീക്ഷണംകൂടി നടത്തുവാൻവേണ്ടി സിലക്ട് കമ്മിറ്റിക്കയച്ചു ശരിയായ പൊതുജനാഭിപ്രായം വരുത്തുക.

ഡാക്ടർ എ. ആർ. മേനോൻ പറഞ്ഞു ഏലക്ഷനു വോട്ടു കൊടുത്തപ്പോൾ പുറത്തിറക്കി എന്നു്. ഇതു് ഒരു ജന്മിയിൽനിന്നും വന്നിട്ടുള്ള ദൃഷ്ടാന്തമാണു്. ഇങ്ങിനെ എത്രയോ ദൃഷ്ടാന്തങ്ങൾ നാട്ടിൽ നടമാടുന്നതിനിടക്കാണു് ഒന്നു കാണുവാനിടവന്നതു്.

കാഞ്ഞിരക്കുരു കയ്ക്കുമെന്നുള്ളതു പരമാർത്ഥമാണെങ്കിൽ ജന്മി തീച്ചയായും കൂടിയാനെ ഉപദ്രവിക്കുമെന്നുള്ളതു നിഷേധിക്കുവാൻ പാടില്ലാത്ത തത്വമാണു്. അതിനു ദൃഷ്ടാന്തങ്ങളൊന്നും നോക്കേണ്ട ആവശ്യമില്ല.

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— ഈ ബിൽ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ ഇങ്ങിനെ വലിയ വാദപ്രതിവാദങ്ങളൊന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ ബിൽ ഒരു പുതിയ ബില്ലല്ല. കഴിഞ്ഞ നിയമസഭയിൽ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ആ ബിൽ ആ ഞാനാണു് അവതരിപ്പിച്ചതു്. ആ സന്ദർഭത്തിൽ ഗവമ്മെൻറും അന്നത്തെ അനുദ്യോഗസ്ഥ സാമാജികന്മാരും ഒന്നുപോലെ അനുകൂലിച്ചു സിലക്ട് കമ്മിറ്റിക്കയക്കുവാൻ അനുവദിച്ച ഒരു ബില്ലാണിതു്. അന്നുണ്ടായിരുന്ന അനുദ്യോഗസ്ഥന്മാരിൽ ചിലർ ഇന്നു മാറീട്ടുണ്ടെങ്കിലും ഗവമ്മെൻറു് ഇന്നും പഴയ ഗവമ്മെണ്ടു തന്നെയുണ്ടെന്നാണു് എന്റെ വിശ്വാസം. മെംബർമാരിൽ ചിലരുടെ മനസ്ഥിതി മാറീട്ടുണ്ടെന്നുവരികിലും ഗവമ്മെണ്ടിന്റെ മനസ്ഥിതി മാറുവാൻ വഴിയില്ല. എങ്കിലും ഈ വിഷയത്തിൽ ഗവമ്മെണ്ടിന്റെ മനസ്ഥിതി മാറിക്കാണുന്നതിലാണു് എനിക്കു ആശ്ചര്യം തോ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ്. ഇതിനെ എതിർക്കുവാൻ ഗവൺമെണ്ടു് ഒരു കാരണമായി പറഞ്ഞതു സങ്കീർണ്ണതയെപ്പറ്റിയാണു്. ഈ കൊച്ചി രാജ്യത്തു കുടിയാന്മാരും ജന്മിമാരും ഉണ്ടു്. അങ്ങിനെയിരിക്കെ അതിൽ എൺപതോ തൊണ്ണൂറോ ആളുകളുടെ അഭിപ്രായം പൊതുവായ ഒരു അഭിപ്രായമായി സ്വീകരിക്കുവാൻ പാടുള്ളതല്ല. ഇങ്ങിനെയുള്ള അഭിപ്രായങ്ങൾ ഗവൺമെൻറു വിചാരിച്ചാൽ വിചാരിച്ചതുപോലെ അവരെക്കൊണ്ടു എഴുതിക്കുവാനും പ്രയാസമില്ലാത്തതാണു്. ഈ സ്വല്പമായ അഭിപ്രായംമാത്രം വച്ചുകൊണ്ടു് ഇതു കൊച്ചി രാജ്യത്തിലെ ആകെയുള്ളവരുടെ അഭിപ്രായമാണെന്നു ഗവൺമെൻറു പറഞ്ഞതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

ദിവാൻജിയവർകൾ പറഞ്ഞതു് ഇതിനു് ഉദാഹരണങ്ങൾ വേണം, അതു ഇതുവരെ തെളിയിച്ചിട്ടില്ല എന്നാണു്. എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന പാട്ടച്ചീട്ടുകളുടെ തക്കത്തെ സംബന്ധിച്ചു സ്വല്പമായി ഇവിടെ വായിച്ചു കേൾപ്പിക്കാം. "അവിടത്തെ സർക്കാരിലേക്കു പരശുരാമക്ഷേത്രമായ കനകം വിളക്കുണ്ടം എന്ന ഇരുപ്പു നിലം വഹകൾക്കു കൊല്ലത്താൽ രണ്ടു ഡൺലോപ്പു് ടയറുകളും, ഒരു ക്രിസ്മസ്സു് കാർഡും ആവശ്യം വരുന്നതു ലെയിസ്സു് മാലകളും, ഒരു ഓപ്പൺ വോട്ടും പാട്ടം നിശ്ചയിച്ചു ക്രി. പി. ഫൻസ്-ാമാണ്ടു് മുതൽ ഫൻരം-ാമാണ്ടുകൂടി മൂന്നു കൊല്ലത്തേക്കു് ഞാൻ വെറുമ്പാട്ടമായി ഏറ്റിരിക്കുകൊണ്ടു് വഹകൾ കൈവശംവെച്ചു നടന്നും, നടത്തിച്ചും കൊല്ലത്താൽ തിർക്കേണ്ട പാട്ടം ഡൺലോപ്പു് ടയറുകൾ രണ്ടിൽ ഒന്നെണ്ണം കൊല്ലന്തോറും ജൂൺ ഇരു-ാം തിയ്യതിക്കും മറേതു് ഡിസംബർ ഇരു-ാം തിയ്യതിക്കും ഫൻസവ-ാമാണ്ടു മുതൽ ആണ്ടുതോറും അവിടത്തെ ഗവർമ്മെൻറിൽ കൊണ്ടുവന്നു തന്നു് ബോദ്ധ്യപ്പെടുത്തിയും ക്രിസ്മസ്സു് കാർഡ് അതാതു കൊല്ലം ഡിസംബർ ഇരു-ാം തിയ്യതിക്കുള്ളിൽ അവിടത്തെ കയ്യിൽ റജിസ്റ്റേഡ് പോസ്റ്റുവഴി എത്തിച്ചുതന്നും ലെയിസ്സു് മാലകൾ ഗവൺമെൻറുദ്യോഗസ്ഥന്മാരോ ദിവാൻജിയോ വരുന്നസമയം അണിയിക്കേണ്ട ആവശ്യത്തിലേക്കു് അവിടുന്നു കല്പിക്കുന്ന സ്ഥലത്തും സമയത്തും ഹാജരാക്കിത്തന്നും ഓപ്പൺ വോട്ടു് കോവാപ്പറേറിവു് ബാങ്കു്, വില്ലേജു പഞ്ചായത്തു്, മുനിസിപ്പാലിറ്റി, ലജിസ്ലേറ്റിവു് കൌൺസിൽ മുതലായ പ്രതിനിധി സ്ഥാപനങ്ങളിലേക്കു് അതാതു കൊല്ലങ്ങളിൽ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകളിൽ അവിടത്തേക്കു തന്നോ അവിടുന്നു കല്പിക്കുന്ന ആൾക്കു കൊടുത്തോ ബോദ്ധ്യപ്പെടുത്തിയും പാട്ടം എപ്പോഴെങ്കിലും ബാക്കിവരുത്തിയാൽ ക്രിസ്മസ്സു കാർഡിനു് ഒരുറുപ്പികയും ടയറുകൾക്കും മാലകൾക്കും കാറുലാഭു് അനുസരിച്ചുള്ള വിലയും മാസത്തിൽ ഫാഠക്കു് ഉറുപ്പിക ഉള്ളപലിശയും വോട്ടിനു് അന്നത്തെ നിലവാരം അനുസരിച്ചുള്ളതോ അവിടുന്നു നിശ്ചയിക്കുന്നതോ ആയ പ്രതിഫലവും തന്നും മുൻപറഞ്ഞ നിബന്ധനകൾക്കു വിപരീതമായി നടന്നുവെങ്കിൽ വഹകൾ കാലാവധിയെ തുണവൽഗണിച്ചു് ഒഴിപ്പിച്ചു് എടുക്കുന്നതിനും അവിടത്തെ അധികാരപ്പെടുത്തിയും" .....

ഇപ്പോൾ നടപ്പിലിരിക്കുന്ന പാട്ടച്ചീട്ടുകളുടെ സ്ഥിതിയെപ്പറ്റിയാണു ഞാൻ പറഞ്ഞതു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഏതാണു് ആ പത്രം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. ഏ. രാമചന്ദ്രയ്യർ *(Nellayi.)* പാട്ടച്ചീട്ട് ഇതുപോലെയല്ലെങ്കിലും നടപ്പിൽ ഇരിക്കുന്ന ഏർപ്പാട് ഇങ്ങിനെയാണെന്നുള്ളതു് എല്ലാവക്കുമറിയാം.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— വായിച്ച പത്രത്തിന്റെ പേരെന്താണ്?

മിസ്റ്റർ ടി. ഏ. രാമചന്ദ്രയ്യർ *(Nellayi)* രജിസ്റ്റർ പാട്ടച്ചീട്ടല്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— വായിച്ച പത്രത്തിന്റെ പേരാണു ചോദിച്ചതു്, വിട്ടുഷകനാണോ?

മിസ്റ്റർ ടി. ഏ. രാമചന്ദ്രയ്യർ *(Nellayi).* ഇപ്പോൾ ഇങ്ങിനെയുള്ള ദ്രോഹങ്ങളെല്ലാം ജന്മിമാർ കുടിയാന്മാരോടു ചെയ്യുമെങ്കിൽ ഇതിലധികം മറെറന്തു ദൃഷ്ടാന്തമാണ് ഗവമ്മെൻറിലേക്കു വേണ്ടതു്?

മിസ്റ്റർ തോമസ് മാഞ്ഞൂരാൻ *(Government Advocate and Law Officer).*— ബഹുമാനമെപ്പെട്ട മെമ്പർ ഈ ബിൽ കഴിഞ്ഞ കൌൺസിലിൽ കൊണ്ടുവന്നിട്ട, പിന്നീടു് ഏലക്ഷനു നിന്നപ്പോൾ വോട്ടു ചെയ്യാൻ വന്നവരിൽ എത്രപേരെ ഒഴിച്ചുവെന്നു പറയാമോ?

മിസ്റ്റർ ടി. ഏ. രാമചന്ദ്രയ്യർ *(Nellayi).*— എന്റെ ഏലക്ഷനു്, ഞാൻ അവതരിപ്പിച്ച ബിൽ പിൻവലിക്കേണ്ടിവന്നതുനിമിത്തം ചിലർ വോട്ടു ചെയ്കയില്ലെന്നു പറഞ്ഞുവെങ്കിലും ചെയർമാനു സുഖമില്ലാതിരുന്നതുകൊണ്ടാണു് കമ്മിറ്റി കൂടാൻ സാധിക്കാത്തതെന്നും മനഃപൂർവ്വമായിട്ടല്ല ഞാൻ അതു പിൻവലിച്ചതെന്നും അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയുണ്ടായി.

ഇപ്പോൾ പറഞ്ഞിട്ടുള്ള ഉദാഹരണങ്ങൾകൊണ്ടു് ഇനിയെങ്കിലും ഗവമ്മെൻറിന്റെ മനസ്ഥിതി മാറുമെന്നു ഞാൻ വിശ്വസിക്കുന്നു. അത്തരത്തിൽ ഗവമ്മെൻറിന്റെ മനസ്ഥിതി മാറി ഈ ബിൽ സിലക്റ്റുകമ്മിറ്റിക്കയക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. ഇതിന്റെ പ്രിൻസിപ്പിൾ ഗവമ്മെൻറു് അക്സ്പ്റ്റു ചെയ്തിട്ടുള്ളതാകകൊണ്ടു് ഇതു സ്വീകരിക്കയില്ല എന്നു പറയുമെന്നു് എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട വയറിലമെമ്പർ പറഞ്ഞതുപോലെയുള്ള എന്തു തെറ്റുകൾതന്നെ ഈ ബില്ലിലുണ്ടെങ്കിലും അതു മാറ്റുവാൻ വിരോധമില്ല, ബില്ലുതന്നെ മാറേണ്ടിവന്നാലും വിരോധമില്ല.

*Mr. P. Govinda Menon *(Adur).*—Mr. President, Sir, this Bill relates to a very important aspect of the relationship between landlord and tenant in our country. I think the most anxious consideration should be bestowed upon this bill. It is not proper to speak upon this bill upon the footing whether one is a landlord or a tenant. It is beneath the dignity of

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

this House to say that because one is a landlord he is opposed in doing justice to the tenants or because one is a tenant he will be doing things against the landlord. I shall not discuss the provisions of this Bill like a doctrinal reformer or one who is so very enthusiastic in the laws of the land. I shall try to consider the provisions of the Bill from considerations now obtaining in this State. I shall consider the provisions of this Bill from the point of view firstly of the jenmy, secondly of the tenant and thirdly from the stand-point of a person interested in a uniform system of laws regarding landlords and tenants.

Now, Sir, this Bill seeks to give fixity of tenure to the tenant as also to fix a fair rent for his holdings. So far as the fixity of tenure is concerned, there are two or three types of landlords in our country. First of all, there are the big jenmies like the Paliam, like the several Devaswoms, the Koodalmanickam Devaswom, for example, and big jenmies like the Chittur mana and the Desamangalam mana and others. So far as verumpattom tenants holding directly under these big manas are concerned, I do not think the question of fixity of tenure generally arises because from my experience I find these big jenmies do not generally sue their tenants for eviction.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—There are many cases.

Mr. P. Govinda Menon *(Adur).*—The holdings under these jenmies are sold by the tenants, are mortgaged by the tenants and they form invariably the subject-matter of transfers. Even when they sue for arrears of pattom, these jenmies, I find from experience, sell the holdings under them for the arrears of pattom. So that the question of fixity of tenure does not generally arise in the case of holdings under these big jenmies. Then comes the second class of jenmies, that is to say, who are not jenmies proper, who are holding properties but who are not farming those properties but who are renting them out to the tenants. In such cases, it has appeared to me, Sir, that far from the tenant requiring fixity of tenure on account of the rackrenting, it is the jenmy or the landlord who wants fixity of holding from the tenant. There are occasions when I myself had been left in the predicament in which the Excise Commissioner said that he was placed in the matter of finding a contractor for the arrack-shops. We have sometimes to hunt after tenants to hold properties under us. A very old relative of mine once told me not to take the pattom in full from the tenant lest he may go away. So that, while I appreciate the

LIBRARY ARCHIVES Kerala Legislative Assembly

solicitude for giving fixity of tenure to the tenant, I think it is not so much the tenant requiring fixity of tenure in these cases but the landlord requiring fixity of holding in order to get rent from year to year.

Then, as regards the fair rent, I do not think that in the case of big holdings, the rent is very high. My Hon'ble friend on my right need not have opposed this Bill because if fair rent is calculated under the provisions of this Bill there will be several cases where the rent will become higher so far as these big jenmies are concerned. So far as the Chittur mana and the Koodalmanickam Devaswom are concerned I cite these examples, because I do not want to make rash statements.

So far as the Chittur mana and the Koodalmanickam Devaswom are concerned the fair rent calculated under the provisions of this enactment will be higher than the rent which they are bound to pay now. As regards minor landlords who have invested money in property and require a fair return it is true that the tenants are put to difficulty. You may ask 'if the tenants fear that there is a high rate of rent, if they fear that they cannot with profit carry on agriculture, why should they at all take this property?' My answer is in the absence of anything else, in the absence of my other employment, these tenants have to get some property to do something year after year. In this case the question of fair rent often arises. It appears to me therefore that some maximum should be fixed. This Government has interfered with the sanctity of contracts in the case of the Usurious Loans Act. This Government with the approval of the legislature has passed an enactment that in the case of loans the rate of interest more than twelve per cent cannot be levied from the debtors. This has been made penal. I should think that the Government which went to this extent must logically follow that policy in the realms of landlord and tenant and should fix the maximum of rent which any landlord is entitled to have from his tenant. In that aspect I think I will be justified in requesting this Government to legislate and pass some enactment which will fix the maximum of rent that can be levied by any landlord from any tenant.

Now coming to the case of evictions, when the Hon'ble member for Wadakkancherri, was speaking about the inequitous practice of jenmies, I interrupted him and said that there are not so many cases. But it cannot be denied that there are jenmies who exercise the right of evicting Verumpattom tenants capriciously and maliciously and without any reason whatsoever,

LIBRARY ARCHIVES Kerala Legislative Assembly

without any bonafide reason. I shall not be justified in making this statement if I do not quote one example. I know of one instance not in the distant past but very recently where a jenmi without any reason whatsoever evicted a verumpattom tenant. What sort of tenant. A very respectable man, a Chief Court vakil and an ex-member of the Council—I mean Mr. Perincheri Rama Menon. What sort of land—a land in which his Padippura was situated. That gentleman's house is situated in a land which belongs to him. But unfortunately 4 or 5 cents in front of that Tharwad House belonged to the jenmi and the Padippura is situated there. Mr. Rama Menon holds it on Verumpattom tenure. The annual rent which he has to pay to the landlord is only 5 pies. In the case of such an influential tenant the jenmi took it to his head to evict him. A suit was filed, a contention was raised without any avail and a decree for eviction has been passed with what result. There is a respectable gentleman of a very respectable family, with a gate towards the road but unfortunately the gate is placed in a property belonging to the jenmi.

Mr. A. V. Moothedan *(Chalakkudi)*.—If this legislation is passed can such caprices be avoided?

Mr. P. Govinda Menon *(Adur)*.—Because of the decree for eviction he is put to a great difficulty. He has no access to the road. I cite this example to show that there are at least stray cases where the jenmies act maliciously. If such an influential tenant can be so maliciously persecuted by a jenmi then I pause to think what will be the condition of tenants who occupy not the position or affluence of the gentleman to whom I referred. In such cases there should be ample provision in our law to compel the jenmi to part with his jenm right. There must be some provision in the law which prohibits the jenmi from exercising this right. I think that these instances should show that it is time for the legislature to intervene, to put some check upon the capricious right of jenmies for eviction. Even after making so much sympathetic remarks about the tenant I have some difficulty in supporting this Bill as it is. That difficulty arises because the enactment of this Bill as it is I believe will lead to certain anomalies in our law. I will take only one or two examples. The law relating to landlord and tenant in the Cochin State is now contained in the Tenancy Act and the Transfer of Property Act. The Tenancy Act deals with Kanom and Panayam tenures and also Verumpattom tenures in granting value of improvements. Then the rights and duties of the lessor and the lessee are contained in certain

LIBRARY ARCHIVES Kerala Legislative Assembly

sections of the Transfer of Property Act. If this Bill is passed part of that Act will be in this Bill. I shall take one example. According to the Tenancy Act taken along with the recent Proclamation regarding Kanoms and Panayams, the Kanam and Panayam tenants whose tenure is after 1060 can be evicted. It is generally presumed that Kanom or Panayam tenure is a more valuable tenure than the Verumpattom tenure. If this Bill is placed on the statute book the anomaly that will arise is this. Whereas the Verumpattom tenant who took his lands last year gets fixity of tenure, but the Panayam tenant or the Kanom tenant whose tenure came into being soon after 1060 has not got fixity of tenure. He can be evicted by the land lord. That is one thing. Secondly the scheme of the Tenancy Act as also the Royal Proclamation seems to be that in return for giving fixity of tenure to the tenant the landlord is given another right, viz. the right to get periodical renewal fees once in 12 years. In the case of the Verumpattom tenant that is not to be. Therefore although it seeks to give equity to tenants as between one type of tenure and another type of tenure, tenures being more or less valuable, certain inequities are worked. I think that will be the anomaly if this Bill is placed on the Statute Book. You may site the British Malabar Act. In that Act there are radical differences, for example the Malabar Tenancy Act contains not only provisions to govern the relations between landlord and the Verumpattam tenant but also provisions governing the relations between landlords and Kanom tenants. Therefore in one whole piece of legislation the whole tenancy law of Malabar is given. Therefore these anomalies are not there. The suggestion that I would make is as it has been promised by the Diwan President that the law relating to land lord and tenant with regard to Kanom and Panayam tenures is again going to be examined and placed before the House, I think that in the interests of uniformity in law and in the interests of having one uniform legislation governing the relationship between the land lords and tenants, this Bill also should be considered when that law is being considered. So far as the law regarding land lords and tenants in our State is concerned there should be one whole piece of legislation which contains all these and in that legislation it is my humble suggestion that fixity of tenure at least to some Verumpattom tenants in some cases where unless fixity is given there will be hardship as also the maximum of rent leviable by a land lord should be introduced. I make this suggestion not only for the consideration of the Government but also for the consideration of the Hon'ble mover of this Bill. Otherwise if this Bill is considered piecemeal in spite of the fact

LIBRARY ARCHIVES Kerala Legislative Assembly

that the poor and toiling Verumpattom tenant in our land requires sympathy from the legislature and the Government there will be several difficulties arising. Take one case. Suppose there is a Kanom tenant. He has got a valuable tenure. At present there is nothing preventing him to give up his right and hold under Verumpattom under the jenmi. If he does so it is better for him. He need not pay the renewal fees. He gets fixity of tenure. When the law of landlord and tenant is being examined the system of levying renewal fees at the rate of 27½ per cent upon the kanom amount should also be considered. My suggestion is that the law regarding Land lord and Tenant requires revision. It requires close examination from the Government as well as from the Hon'ble Members of this House. It will be inequitious to consider that from one aspect only, to consider it piecemeal. There should be consideration of that law in its various aspects as one whole piece. With these remarks on the Bill before the House I resume my seat.

Mr. A. V. Moothedan *(Chalakkudi)*.—Sir, I oppose the motion. In doing so I may say that I am neither a capitalist nor a socialist. We are now at the introduction stage of the Bill. What is the object of the Bill and what is the general principle? Has a prima facie case been made out? Here one or two instances are pointed out? But the law cannot help. Don't you see that innocent persons are convicted and even hanged? Such things cannot be remedied by legislation. That which cannot be cured must be endured. It is said that if this Bill is passed the relationship between the land lord and the tenant will be much improved. I do not see any provisions for that. As a lawyer I welcome this legislation because there will be increase in litigation. As a representative of the people I oppose this Bill. Suppose a Jenmi and Tenant do not agree as to what is fair rent. They go to a court of law. Suppose the tenant is a small poor man, what is the remedy? He has to submit to what the Jenmi says. An exparte decree will be obtained by the Jenmi. Then there is a provision that the jenmi will be offered to purchase the improvements of the tenants. To fix the value they have to go to a court of law. There is another provision that the tenant may be given the opportunity to buy the land at the market price. Now what is the market price. For determining that you have to go to a court of law. As it is, at present there is only one eviction suit necessary. If this Bill is passed, there will be three suits. This bill is not beneficial to the tenants or the jenmies. It is a piece of useless legislation.

Mr. K. M. Kunhi Moideen *(Kattur)*.—Are you against any sort of protection to the tenants?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi).*—I am for it. But this Bill will not give any protection. According to the present law the jenmies cannot remove tenants without paying compensation. Is that not a safeguard in favour of the tenant? In several cases jenmies are unable to execute eviction decrees because the tenants might have made improvements to a great extent and the jenmies have to deposit the value of improvements before obtaining delivery. In my opinion there is no necessity for this piece of legislation. The line of protection, given by this Bill, is not at all salutary.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. പാശ്ചാത്യബിരുദധാരികളായ മഹാന്മാരെക്കൂടി അതിശയിപ്പിക്കുന്ന മനോഭാവത്തോടും അവരെ കിട്ടുകിടെ വിറപ്പിച്ചിരുന്ന ധീരതയോടുംകൂടി നമ്മുടെ കൊച്ചിയെ ഈ വിധത്തിൽ പരിഷ്കരിച്ച സ്ഥാനത്യാഗം ചെയ്ത മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രജകളെ ജന്മികൾ വളരെ പീഡനം ചെയ്യുന്നതിൽ നിന്ന് അവരെ രക്ഷിക്കണമെന്ന ഉദ്ദേശത്തോടും, അതേസമയംതന്നെ യാഥാസ്ഥിതികരായ ആ ജന്മികളെ മുഷിപ്പിക്കാതേയും പ്രജകൾക്കു രക്ഷ നൽകണമെന്ന ഉദ്ദേശത്തോടുംകൂടി ഇരുകക്ഷികളേയും യോജിപ്പിച്ചുകൊണ്ട് ഏതെങ്കിലും വിധത്തിൽ ഒരു ബിൽ പാസാക്കി കാലക്രമേണ അവരെ പരിഷ്കരിച്ചുകൊണ്ടു വരാമെന്നു കരുതി ഫ്രാൻറ-ൽ ഒരു കുടിയാൻബിൽ ഇവിടെ പാസാക്കി. ആ ബിൽ പാസാക്കിയ കാലത്തു ബിൽ പാസാക്കുന്നതിനു മഹാരാജാവിന്റെ കയ്യിൽ അധികാരമുണ്ടായിരുന്നിട്ടും അതു ചെയ്യാതെ എല്ലാവരേയും കൂട്ടി അവരുടെ അഭിപ്രായം അറിഞ്ഞിട്ടാണു അതു പാസാക്കിയതു്. ആ ബിൽ പാസാക്കുന്നതിനു ആ മഹാരാജാവു തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള ഭഗീരഥപ്രയത്നങ്ങൾ എത്രയാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ആ നിയമം പാസാക്കിയതിനുശേഷം നമ്മുടെ കൊച്ചി എത്രയോ പരിഷ്കരിച്ചുപോയിരിക്കുന്നു. അതിൽപിന്നെ ആ നിയമം അതുപോലെ പരിഷ്കരിക്കുവാൻ സാധിച്ചിട്ടില്ല.

